ഉത്തരം

(എ) ഉണ്ട്.

(ബി) ഹെപ്പറ്റൈറ്റിസ് ബി-ക്ക് എതിരെയുള്ള പ്രതിരോധ കുത്തിവയ്പ് ഒരു പൈലറ്റ് പ്രോജക്ടായി ഇന്ത്യയിലെ തെരഞ്ഞെടുത്ത 32 ജില്ലകളിൽ 2003 ജൂൺ മാസത്തിൽ ആരംഭിച്ചു. കേരളത്തിൽ പത്തനംതിട്ട, ആലപ്പുഴ, എറണാകുളം എന്നീ 3 ജില്ലകളിൽ ഹെപ്പറ്റൈറ്റിസ് ബി- പ്രതിരോധ കുത്തിവയ്പ് പരിപാടി നടപ്പിലാക്കി വരുന്നു. ഇതിനാവശ്യമായ തുക കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാൻഡ്-ഇൻ-എയ്ഡ് ആയിട്ടാണ് ലഭിക്കുന്നത്. പ്രാരംഭ ചെലവുകൾക്കായി 14,48,580 രൂപ കേന്ദ്ര സർക്കാരിൽനിന്നും ഗ്രാന്റായി ലഭിക്കുകയും, അതിൽ 3,06,450 രൂപ പത്തനംതിട്ട ജില്ലയ്ക്കും, 4,93,095 രൂപ ആലപ്പുഴ ജില്ലയ്ക്കും 6,49,035 രൂപ എറണാകുളം ജില്ലയ്ക്കും അലോട്ട് ചെയ്യുകയും ചെയ്തു. ഈ തുക ഈ മൂന്ന് ജില്ലകളിലുള്ള മെഡിക്കലാഫീസർമാരുടേയും, മറ്റു പാരാ മെഡിക്കൽ ജീവനക്കാരുടേയും ഈ പ്രോഗ്രാമിലേക്ക് വേണ്ടിയുള്ള പരിശീലനത്തിനായി വിനിയോഗിച്ചു. 10/2003-ൽ ഐ.ഇ.സി. പ്രവർത്തനങ്ങൾക്ക് 72,000 രൂപ അനുവദിക്കുകയും 'ഹെപ്പറ്റൈറ്റിസ്-ബി' പ്രതിരോധ കുത്തിവയ്പിനെ സംബന്ധിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്താനായി ഓരോ ജില്ലയ്ക്കും 24,000 രൂപ വീതം ഇതിൽനിന്നും നൽകി. ഇതുവരെയായി 2,40,297 പേർക്ക് ഈ കുത്തിവയ്പ് നൽകി.

(സി) ബാധകമല്ല.

ആരോഗ്യ സംരക്ഷണരംഗത്ത് ലോകബാങ്കിന്റെ സഹായം

139 [443] *ശ്രീ. കെ. മോഹൻകുമാർ:*
,, *ലൂഡി ലൂയിസ്:*
,, *ജോർജ് ജെ. മാത്യു:*
,, *കെ. എ. ചന്ദ്രൻ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സംരക്ഷണരംഗത്ത് ലോകബാങ്കിന്റെ സഹായം സംസ്ഥാനത്തിന് ലഭിക്കുമോ;

(ബി) എങ്കിൽ എന്തു തുകയുടെ സഹായമാണ് ലഭിക്കുന്നത്;

(സി) ഇത് എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശീയ കുഷ്ഠരോഗനിർമ്മാർജ്ജന പരിപാടി, ദേശീയ ക്ഷയരോഗ നിർമ്മാർജ്ജന പരിപാടി, പ്രജനന ശിശു ആരോഗ്യ പദ്ധതി (രണ്ടാംഘട്ടം) എന്നീ മേഖലകളിൽ ലോകബാങ്കിന്റെ സഹായം ലഭിക്കുന്നുണ്ട്. ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി തയ്യാറാക്കിയ 810 കോടി രൂപയുടെ ഹെൽത്ത് ഡെവലപ്പ്മെന്റ് സിസ്റ്റം പ്രോജക്ട് ലോകബാങ്കിന്റെ പരിഗണനയിലാണ്.

(ബി) ദേശീയ കുഷ്ഠരോഗനിർമ്മാർജ്ജന പരിപാടിക്ക് 70 ലക്ഷം രൂപയും ദേശീയ ക്ഷയരോഗനിയന്ത്രണ പരിപാടിക്ക് 1319.14 ലക്ഷം രൂപയും ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടിക്ക് 2148 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. പ്രജനന ശിശു ആരോഗ്യ പരിപാലന പരിപാടിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനായി ലോകബാങ്കിൽ നിന്ന് 38 കോടി രൂപ ലഭിക്കും.

(സി) (1) *എയ്ഡ്സ് നിയന്ത്രണ പരിപാടി*: സർക്കാർ മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾവഴിയും തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖേനയും എയ്ഡ്സ് നിയന്ത്രണത്തിലുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഈ പദ്ധതിപ്രകാരം അനുവദിക്കുന്നതുക ചെലവാക്കുന്നത്. രക്ത ബാങ്കുകളുടെ നവീകരണവും പുനരുദ്ധാരണവും, എയ്ഡ്സ് രോഗികൾക്കുള്ള പരിചരണ കേന്ദ്രങ്ങൾ, എയ്ഡ്സ് രോഗ പരിശോധനാകേന്ദ്രങ്ങൾ, കൗൺസലിങ് സെന്ററുകൾ, മരുന്നുകൾ, റീഏജന്റ് എന്നിവയുടെ വിതരണം അവബോധ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമായി നടക്കുന്നു.

(2) *പ്രജനന ശിശു ആരോഗ്യ പരിപാലന പരിപാടി*: മാതൃ ശിശു ചികിത്സാരംഗത്ത് മെച്ചപ്പെട്ട സേവനം നൽകുവാൻ ഉദ്ദേശിച്ചുള്ള ഈ പദ്ധതിയിൽ താഴെ പറയുന്ന കാര്യങ്ങൾക്കാണ് ഈ തുക ചെലവഴിക്കുന്നത്:

(1) ജനനി സുരക്ഷ യോജന

(2) പ്രതിരോധ കുത്തിവയ്പ്പ്

(3) കോൾഡ് ചെയിൻ (വാക്സിനുകൾ ശീതീകരിക്കുന്നതിന്)

(4) കുടുംബക്ഷേമ പ്രവർത്തനങ്ങൾ

(5) ട്രെയിനിംഗുകൾ

(6) ബോധവത്കരണ പരിപാടി

(7) മാതൃ സംരക്ഷണ പ്രവർത്തനം

(8) ആർ. സി. എച്ച്. ഓഫീസ് നിർവഹണത്തിനും, വണ്ടികൾക്കുള്ള ഇന്ധനം, ജീവനക്കാരുടെ വേതനം തുടങ്ങി പ്രോജക്ടിന്റെ മറ്റു പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

(3) *പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി:* ഈ പദ്ധതിപ്രകാരം അനുവദിക്കുന്ന തുക ലബോറട്ടറികളുടെയും ഡ്രഗ് സ്റ്റോറുകളുടെയും നിർമ്മാണത്തിനും, ലബോറട്ടറി സാധനസാമഗ്രികൾ വാങ്ങുന്നതിനും പൊതുജന ബോധവൽക്കരണ പരിപാടികൾക്കും ജീവനക്കാർക്ക് പരിശീലനവും വേതനവും നൽകുന്നതിനും മറ്റുമായി പ്രയോജനപ്പെടുത്തുന്നു.

(4) *ദേശീയ കുഷ്ഠ രോഗ നിർമ്മാർജ്ജന പരിപാടി:* 14 ജില്ലകളിലേയും ഹെഡ്ക്വാർട്ടേഴ്സ് ഓഫീസ് പ്രവർത്തനങ്ങൾക്കുള്ള ചെലവുകളും ആവർത്തന ചെലവുകളും, ഐ.ഇ.സി. പ്രവർത്തനങ്ങൾ, ട്രെയിനിംഗ്, ജീവനക്കാർക്കുള്ള ശമ്പളം, മരുന്നുകൾ, മീറ്റിംഗുകളും വർക്ക്ഷോപ്പുകളും നടത്തുക എന്നിവയ്ക്കാണ് ഈ പദ്ധതിപ്രകാരം അനുവദിക്കുന്ന തുക ചെലവഴിക്കുന്നത്.

കേരളത്തിലെ ദ്വിതീയതല ആരോഗ്യ സംവിധാനം വികസിപ്പിക്കുന്നതിനുദ്ദേശിച്ചുകൊണ്ട് ലോകബാങ്കിന് സമർപ്പിച്ചിട്ടുള്ള പ്രോജക്റ്റിന്റെ നിർവ്വഹണത്തിന് നിർണ്ണയിച്ചിട്ടുള്ള മേഖലകൾ താഴെപ്പറയുന്നവയാണ്:

(1) ആരോഗ്യ മേഖലയിലെ പൊതുമേഖല ചെലവ് വർദ്ധിപ്പിച്ച് പാവപ്പെട്ടവരെ സഹായിക്കുക.

(2) പൊതുമേഖലയിലെ ആരോഗ്യ സേവനം മെച്ചപ്പെടുത്തുവാൻ ഘടനാപരമായി ആസൂത്രണം നടത്തുക.

(3) ക്ലിനിക്കൽ സർവ്വീസിന്റെ ഗുണവും, സാമീപ്യവും വർദ്ധിപ്പിക്കുവാൻ നോൺ ഗവൺമെന്റ് ഏജൻസികളെ ഇടപെടുത്തുക.

(4) പകർച്ചവ്യാധികളല്ലാത്ത അസുഖങ്ങളുടെ ദുരിതം കുറയ്ക്കുവാൻ നയവും, കർമ്മപരിപാടിയും തയ്യാറാക്കുക.

(5) പൊതുമേഖലയുടെ മൊത്തത്തിലുള്ള പങ്ക് ശക്തിപ്പെടുത്തുക.

(6) മത്സ്യത്തൊഴിലാളികൾ, പട്ടികവർഗ്ഗക്കാർ, നഗരത്തിലെ ദരിദ്രർ മുതലായ അവശവിഭാഗത്തിന് ആരോഗ്യ സേവനം നൽകുക.

ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ

140 [444] *ശ്രീ. ജോണി നെല്ലൂർ:*
,, *ടി. എം. ജേക്കബ്:*
,, *ഷിബു ബേബിജോൺ:*
,, *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/609/2012—23

LIBRARY ARCHIVES Kerala Legislative Assembly